# കേരളം സമ്പൂർണ്ണ കിറുക്കിലേയ്ക്ക്

ലക്കം 3 തുടർച്ച....

ഡോ. സി.കെ. ജോൺ❖

### മുരടിക്കുന്ന മനുഷ്യവിഭവം

വരുംതലമുറയാണ് സമൂഹത്തിന്റെ ശക്തിയെന്ന് ക്ലീഷേ. അവരുടെ വൃത്താന്തമെന്ത്? മാതാപിതാക്കൾ കുട്ടികളെപ്പോലും 'ആട്', തേക്ക്, മാഞ്ചിയം' നിക്ഷേപങ്ങളായാണ് കണക്കാക്കുന്നത്. നന്നായി വളർത്താൻ ഒന്നോ രണ്ടോ മാത്രം. പ്രതിരോധ കുത്തിവെയ്പുകളും പോഷകാഹാരവുമൊക്കെ കൊടുത്ത് അവരെ കൊഴുപ്പിച്ചെടുക്കണം. കൊഞ്ചും മൊഴികളുമായി പിച്ചവെച്ച് തുടങ്ങുമ്പോൾ തന്നെ പഠിപ്പിച്ചുതുടങ്ങി മിടുക്കരാക്കണം. 20 ഓ 25 ഓ വർഷം തികയുമ്പോൾ ഉന്നതജോലിയിൽ എത്തി കൃത്യമായ വരുമാനം നൽകുന്ന ഒരുഗ്രൻ മനുഷ്യവിഭവമായി മാറണം. 'ഹ്യൂമൻ റിസോഴ്സെന്ന' പദത്തിലുമുണ്ടല്ലോ ഈ സൂചന. ലക്ഷ്യം നന്ന്, എന്നാൽ പ്രയോഗം പിഴക്കുന്നില്ലെ? വരും തലമുറയെ വളർത്തിയെടുക്കാനുള്ള നമ്മുടെ കൃഷി വളപ്രയോഗവും ഹോർമോൺ ചികിത്സയും കീടനാശിനിപ്രയോഗവും അമിതമാകുന്നില്ലേയെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ശൈശവ - ബാല്യ - കൗമാരങ്ങളുടെ സ്വാഭാവികഭാവങ്ങൾ ആസ്വദിച്ചുവളരാൻ വേണ്ട ആന്തരിക അന്തരീക്ഷത്തിൽ അതോടെ നഷ്ടമാകുന്നില്ലേയെന്ന് ആശങ്കപ്പെടേണ്ടിയിരിക്കുന്നു. മാതാപിതാക്കൾക്ക് അളവില്ലാത്ത സ്നേഹമുണ്ടെങ്കിലും വൈകാരികമായി ആവശ്യമുള്ളത് നിഷേധിക്കപ്പെടുന്ന ഈ അവസ്ഥയെ സ്നേഹശൂന്യതയായേ മക്കൾ വളരുമ്പോൾ വിശേഷിപ്പിക്കൂ. അകാലത്തിൽ മുരടിച്ച് സമൂഹമനസ്സിൽ രോഗങ്ങൾ വിതയ്ക്കുന്ന, പുറമേ 'നോർമലായ' ഇത്തരം മനുഷ്യവിഭവങ്ങളെ നാം തിരിച്ചറിഞ്ഞുവെന്ന് വരില്ല. മത്സരയോട്ടത്തിൽ മിന്നിത്തിളങ്ങുന്ന റാങ്കുകാർ മാത്രമേ സമൂഹത്തിന്റെ മുമ്പിൽ പ്രദർശനവസ്തുക്കളാകാറുള്ളൂ. എന്നാൽ വീഴുന്നവർ എത്രയോ അധികം. നിഷ്ക്രിയരായി സർവ്വരേയും കുറ്റം പറഞ്ഞ് കഴിയുകയായാകാം ഇവർ. മദ്യവും കഞ്ചാവും ചില്ലറ വഴക്കുകളും കുറ്റകൃത്യങ്ങളുമായി ആൾക്കൂട്ടത്തിൽ അലിഞ്ഞുചേരുന്ന ഈ 'മനുഷ്യവിഭവം' എങ്ങനെയുണ്ടാവുന്നുവെന്ന് ആലോചിക്കാറുണ്ടോ?

പഠിച്ചാൽ തൊഴിലുണ്ടാകുമോയെന്ന ചോദ്യത്തിനു മുമ്പിൽ ഉത്തരംമുട്ടിനിൽക്കുന്നവർക്ക് ഇത്തരം കാര്യവിചാരങ്ങൾ ഒരു ഭാരമായേക്കാം. തൊഴിലുള്ളവരാകട്ടെ, കൂടുതൽ തൊഴിലുകൾ ഉല്പാദിപ്പിക്കുന്ന വിധത്തിലുള്ള ഒരു തൊഴിൽ സംസ്കാരം വളർത്തിയെടുത്തിട്ടുമില്ല. സ്ഫോടകശക്തിയുള്ള അസ്വസ്ഥതകളെ നെഞ്ചിലേറ്റുന്ന യുവതലമുറയെ ചിറകിലൊതുക്കിയാണ് വർത്തമാനകേരളം കഴിയുന്നത്. തൊഴിലില്ലാത്ത അഭ്യസ്ഥവിദ്യരുടെ ഒരു വൻ സമൂഹം. പ്രതികരണശേഷിയില്ലായ്മയെന്ന ഒരു ദൗർബ്ബല്യം ഇല്ലായിരുന്നുവെങ്കിൽ സമൂഹത്തെ വിഴുങ്ങുന്ന അസ്സമാധാനത്തിന്റെ വൻ അഗ്നികൾ ഇവർ ഉയർത്തിയേനെ. പുകയുന്ന കനലായി ഒതുങ്ങി സമൂഹമനസ്സിന് കിറുക്കുകളുണ്ടാക്കി അവർ കഴിയുന്നു.

### ദാരിദ്ര്യത്തിന്റെ മുഖങ്ങൾ

സാമ്പത്തിക ഉപഭോഗവസ്തുക്കൾക്കുവേണ്ടിയുള്ള ആർത്തിയുടെ കാലമാണിപ്പോൾ. വൻ ധനലാഭമെന്ന മോഹനസ്വപ്നം വിൽക്കുന്നവരുടെ തട്ടിപ്പിൽ ബുദ്ധിമാനായ മലയാളി പതിവായി വീഴുന്നു. വിസ തട്ടിപ്പുകളും ബ്ലേഡ് കമ്പനികളും ആട്, തേക്ക്, മാഞ്ചിയം നിക്ഷേപങ്ങളുമൊക്കെ അതിന്റെ പല അവതാരങ്ങൾ. ഇനിയെത്ര അവതാരങ്ങൾ വരാനിരിക്കുന്നു? കമ്പോളവൽക്കരണത്തിന്റെ പ്രേരണകൾക്ക് വഴങ്ങി ഒത്തിരി പൊങ്ങച്ചചെലവുകൾക്ക് അടിമപ്പെടുന്ന മധ്യവർഗ്ഗം. വരവും ചെലവും വകതിരിവോടെ കൂട്ടിമുട്ടിക്കുകയെന്ന അടിസ്ഥാന 'സാമ്പത്തികവീക്ഷണം' പലർക്കുമിന്ന് നഷ്ടമായിരിക്കുന്നു. ആവശ്യമുള്ളതാണോ ധനപരമായി താങ്ങാനാവുന്നതാണോ എന്നൊക്കെയുള്ള വീണ്ടുവിചാരം തീരെ കമ്മിയായിരിക്കുന്നു. വർത്തമാനകാല മലയാളികുടുംബങ്ങളിൽ ഒരു 'പുത്തൻ ദാരിദ്ര്യ'ത്തിന്റെ മുഖം തെളിഞ്ഞുവരുന്നു. അവർക്ക് ടെലിവിഷനുണ്ട്. കാറുണ്ട്. മറ്റ് ആഡംബരവസ്തുക്കളുമുണ്ട്. കുട്ടികൾ ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ പഠിക്കുന്നുണ്ട്. കിട്ടാവുന്ന കടങ്ങളൊക്കെ എടുത്തിട്ടുണ്ടാവും. വരുമാനത്തിന്റെ ഏറിയ പങ്കും കടംവീട്ടലായും പലിശയായും ഒഴുകിപ്പോകും. കാറ് സ്റ്റൈലിൽ വീട്ടിലിരിക്കുകയാവും. നാലാൾ ഒത്തുകൂടുന്ന വിശേഷസന്ദർഭങ്ങളിലൊഴികെ മറ്റെല്ലായ്പ്പോഴും വീട്ടുകാർ പതിവുമട്ടിൽ ബസ്സിലോ ട്രെയിനിലോ യാത്രചെയ്യും. എങ്കിലും കാറ് വേണം.

സ്റ്റാറ്റസല്ലേ പ്രധാനം. കടത്തിന്റെ വീർപ്പുമുട്ടലേറുമ്പോൾ മൂലധനമായുള്ളത് ഷെയറിലോ ബിസിനസ്സിലോ കൊണ്ടുപോയി ഇറക്കും. നേരം ഇരുട്ടി വെളുക്കുമ്പോൾ കടമൊക്കെ മാറി കാശുള്ള സുൽത്താനായി മാറുവാനുള്ള ഒരു കളി. അതങ്ങു പൊളിയും. ഇതാണ് പുറംമോടിയിൽ ധനികരായ ആധുനിക ദരിദ്രനാരായണന്മാരുടെ പ്രതിച്ഛായ. എന്നെങ്കിലും ഈ കളി പുറത്താകുമെന്ന് ഉറപ്പ്. ദുരഭിമാനിയുടെ മനസ്സ് പീഢിതമാകുവാൻ ഇത് ധാരാളം. കൂട്ട ആത്മഹത്യകളിൽ ആവർത്തിച്ചുകേൾക്കുന്ന ഒരു കഥയാണിതെന്നോർക്കുക.

### സമചിത്തതയുള്ള കേരളം

കേരളം സമ്പൂർണ്ണ കിറുക്കിലേയ്ക്ക് കുതിച്ചുപായുവാൻ ഇടയാക്കിയ മാറ്റങ്ങളിൽ ചിലതു മാത്രമാണിവിടെ കുറിച്ചത്. ഭൂരിപക്ഷമനസ്സുകളിലെ ബോധ- ഉപബോധ - അവബോധ തലങ്ങളിൽ രൂപപ്പെട്ടുവരുന്ന ചില പ്രവണതകളെ ചൂണ്ടിക്കാണിക്കുക മാത്രമാണിവിടെ ചെയ്തിരിക്കുന്നത്. ഗ്രാമ്യമായ അന്തരീക്ഷം പോലും അതിവേഗം നഷ്ടമാകുന്ന ഒരു ദേശം നേരിടുന്ന നഗരവൽക്കരണത്തിന്റെ അനിവാര്യതകളായി ഇതിനെ വിശേഷിപ്പിച്ച് വേണമെങ്കിൽ ആശ്വസിക്കാം.

കാലം മാറുമ്പോൾ മാറിപ്പോകുന്ന കോലത്തിന്റെ വൈകൃതങ്ങളെ സഹിക്കുകയും ചെയ്യാം. അതിരുകളില്ലാതെ ലോകമൊരു വൻഗ്രാമമായി പരിണമിക്കാൻ വെമ്പുമ്പോൾ വ്യക്തികൾ ഒറ്റപ്പെട്ട തുരുത്തുകളായി തീരുന്നത് ഒരു വൈരുദ്ധ്യമാകാം. ആൾക്കൂട്ടങ്ങളിൽ ഏകരായി പോകുന്ന മനുഷ്യരുടെ വിഷാദത്തിന്റേയും ഉൽക്കണ്ഠയുടേയും യുഗങ്ങളിലേയ്ക്ക് മലയാളിയും കടന്നുവരും. ഇത് മനുഷ്യൻ ക്ഷണിച്ചുവരുത്തുന്ന അവസ്ഥയാണ്. കാപട്യങ്ങളുടേയും ദുരഭിമാനങ്ങളുടേയും അത്യാർത്തികളുടേയും പിടിയിലമരുന്ന ഒരു സമൂഹത്തിന്റെ സൃഷ്ടിയാണ്. ഉൾക്കാഴ്ചയുള്ളവർക്ക് ഈ നീരാളിപ്പിടുത്തത്തിൽ നിന്ന് ഒഴിഞ്ഞുമാറാം.

ഊഷ്മളവ്യക്തിബന്ധങ്ങളുടെ ഒരു കൊച്ചുലോകം ശിഥിലമാകാതിരിക്കാൻ ശ്രദ്ധിക്കാം. ഭാരമുള്ളപ്പോൾ ഇറക്കിവെക്കാൻ അത്താണിയാകുന്ന, ദുഃഖങ്ങളുള്ളപ്പോൾ അനുകമ്പാപൂർവ്വം കേൾക്കുന്ന, ശക്തികൾ ചോർന്നുപോകുമ്പോൾ ആത്മധൈര്യം നൽകുന്ന അത്തരം കൊച്ചുലോകങ്ങളിലൂടെ കേരളത്തിന് സമചിത്തത കൈവരുമെന്ന് നമുക്ക് കിനാവു കാണാം.

❖ *മൈത്രിയുടെ സ്ഥാപക ഡയറക്ടർ, എറണാകുളം മെഡി. ട്രസ്റ്റ് ഹോസ്പിറ്റലിലെ കൺസൾട്ടന്റ് സൈക്യാട്രിസ്റ്റ്*